# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *94** — **30.01.2018-ൽ മറുപടിയ്ക്ക്**

**ലെവൽസ് എടുത്ത് റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ.ജയരാജ്**<br>**ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) റോഡുകളിൽ ക്ലോസ്ഡ് ഗ്രേഡ് ചിപ്പിങ് കാർപ്പറ്റ് വർക്കുകൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സീ ലെവൽ റെഡ്യൂസ്ഡ് ലെവൽ കണക്കാക്കാറുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ലെവൽസ് ഇപ്പോൾ കണക്കാക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ; | (എ) കണക്കാക്കാറില്ല . ദേശീയപാത വിഭാഗത്തിൽ ക്ലോസ്ഡ് ഗ്രേഡ് ചിപ്പിങ് കാർപ്പറ്റ് വർക്കുകൾ നിലവിൽ ഉപയോഗിക്കാറില്ല ദേശീയപാത വിഭാഗത്തിന്റെ അധീനതയിൽ വരുന്ന റോഡുകളിൽ ബിറ്റുമിൻസ് മെക്കാഡം ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ചാണ് റീ സർഫസിംഗ് നടത്തുന്നത്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിൽ ലെവൽസ് എടുക്കാതെയാണ് നടപ്പിലാക്കുന്നത്. റീ സർഫസിംഗിൽ ബിറ്റുമിൻസ് ലെയറിനുള്ള കനം ഒരേ രീതിയിൽ എന്ന അനുമാനത്തിൽ ആണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. കൂടാതെ റോഡ് സർഫസിങ്ങിൽ നിരപ്പില്ലായ്മ പരിഹരിക്കുന്നതിനായി 10% പ്രൊഫൈൽ കറക്ഷൻ കോസ്റ്റ് നൽകാറുണ്ട്. |
| (ബി) വളരെ മോശമായി കിടക്കുന്ന റോഡുകളിൽ ലെവൽസ് എടുക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്, അവിടേക്ക് ആവശ്യമായ പ്രൊവിഷൻ | (ബി) റോഡുകളുടെ അറ്റകുറ്റപണികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ Undulation 10% ത്തിൽ അധികമാണെങ്കിൽ ലെവൽസ് എടുക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ലെവൽസ് എടുത്തിട്ടില്ലെങ്കിൽ കൃത്യമായ പ്രൊവിഷൻ കൊടുക്കുന്നതിന് സാധിക്കാറില്ല. |

| | | | |
|---|---|---|---|
| | കൊടുക്കുന്നതിന് തടസ്സമാകാറുണ്ടോ; വ്യക്തമാക്കാമോ; | | നിലവിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ശരാശരി വീതിയും സാധാരണ കനവുമാണ് കണക്കാക്കി വരുന്നത്. കൂടാതെ സർഫസിലെ നിരപ്പില്ലായ്മ പരിഹരിക്കുന്നതിനായി പ്രൊഫൈൽ കറക്റ്റിങ്ങ് കോഴ്സും ഉൾപ്പെടുത്താറുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ അധിക വീതിയിലോ നീളത്തിലോ ചെയ്യേണ്ടി വരുമ്പോൾ പ്രൊവിഷൻസ് തികയാത്തതായി വരാറുണ്ട്. |
| (സി) | ഇങ്ങനെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുമ്പോൾ കരാറുകാർ പ്രസ്തുത ലെവൽസ് കണക്കാക്കുകയും അവർക്ക് നഷ്ടമുണ്ടാകുമെന്നു കരുതി ടെണ്ടറിൽ നിന്ന് പിൻമാറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ സാഹചര്യം മറികടക്കാൻ, ആവശ്യമുള്ള പ്രൊവിഷൻ നൽകി എസ്റ്റിമേറ്റ് തയ്യാറാക്കാൻ സഹായിക്കുന്ന തരത്തിൽ വകുപ്പ് സ്വന്തമായി ലെവലിങ് സർവേ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഈ സാഹചര്യം മറികടക്കാൻ ക്ലോസ്ഡ് ഗ്രേഡ് മാറ്റി ഓപ്പൺ ഗ്രേഡാക്കി മാറ്റുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തമായി സർവ്വേ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കാവുന്നതാണ്. |
| (ഇ) | സബ് ഡിവിഷൻ തലത്തിൽ ഒരു സർവ്വേയർ തസ്തികയും ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സബ് ഡിവിഷൻ തലത്തിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ സാധിച്ചാൽ ഉദ്യോഗസ്ഥർക്ക് സർവ്വേ നടത്താൻ സാധിക്കും. ഇതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ